# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ബജറ്റ്

## 2026-27

**അവതരണം**

**ശ്രീമതി. ഷീല എസ്സ്**

**വൈസ് പ്രസിഡൻറ് &**

**ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ**

24/02/2026 തീയതിയിലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം

25/02/2026 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ബജറ്റ് പ്രസംഗം

## ( Budget Speech )

## ശ്രീ. ബിജോയ്.വി, പ്രസിഡന്റ്, പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

ബഹു: ജനപ്രതിനിധികളെ, ഉദ്യോഗസ്ഥരെ, സുഹൃത്തുക്കളെ,

പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഇവിടെ സമർപ്പിക്കുന്നു. ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ജനങ്ങളുടെ നന്മയ്ക്കും അനുയോജ്യമായ രീതിയിൽ സാമ്പത്തിക നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ്.

തൊഴിൽ സൃഷ്ടി, സാമൂഹ്യ സുരക്ഷിതത്വം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് ഉതകുന്ന രീതിയിൽ വിവിധ പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ് ഈ ബജറ്റ്. ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നങ്ങളിൽ കാർഷിക മേഖല, ആരോഗ്യ മേഖല, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, കുടിവെള്ള വിതരണം, ശുചിത്വം, റോഡുകൾ, അറ്റകുറ്റപ്പണി, യുവജനക്ഷേമം, വനിതാ ക്ഷേമം, പരിസ്ഥിതി സംരക്ഷണം, ഗൃഹ നിർമ്മാണം, ചെറുകിട വ്യവസായം എന്നിവ ഉൾപ്പെടുന്ന വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അടുത്ത സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും പൂർത്തിയാകുന്ന തരത്തിലുള്ള പദ്ധതികളാണ് വിവിധ മേഖലകളിലായി വിഭാവനം ചെയ്തിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ ലഭിക്കുന്ന പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു.

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ പിന്നോക്ക വിഭാഗങ്ങൾ, ഭിന്നശേഷിയുള്ള വ്യക്തികള്, വൃദ്ധര്, നിരാലംബരായ രോഗികൾ, കുട്ടികൾ, സ്ത്രീകൾ, സ്ത്രീ കൂട്ടായ്മകൾ എന്നിങ്ങനെ കൈതാങ്ങ് ആവശ്യമായവരും, പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും ഉചിതമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കൽ, തൊഴിൽ നികുതി പുതിയ മേഖലകളിലേക്ക് കൂടി ചുമത്തൽ, ലൈസൻസ് എല്ലാ സ്ഥാപനങ്ങളെകൊണ്ടും എടുപ്പിച്ച് ഫീസ് അടവാക്കൽ തുടങ്ങിയ പ്രവർത്തികളിലൂടെ തനതു ഫണ്ട് വർദ്ധിപ്പിക്കുന്നതിന് കൂടി ബജറ്റ് വിഭാവനം ചെയ്യുന്നു. ജനപ്രതിനിധികളും, ജീവനക്കാരും നിലവിലുള്ള ഈ ഐക്യസ്ഥിതി തുടർന്നാൽ 100 ശതമാനം നികുതി പിരിവ്, 100 ശതമാനം പദ്ധതി തുക ചെലവഴിക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, മികച്ച പഞ്ചായത്തായി മാറുന്നതിനും സാധിക്കുന്നതാണ്.

സർക്കാരിന്റെ അഭിമാന പദ്ധതികളായ അതിദാരിദ്ര നിർമ്മാർജനം രണ്ടാം ഘട്ടം, പതിനഞ്ചാം പഞ്ചവത്സര പദ്ധതി മുന്നൊരുക്കങ്ങള്, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയ്ക്കായി വികസന ഫണ്ടിന്റെ പ്രധാന ഭാഗമായ ജനറൽ, എസ്.സി.പി, ടി.എസ്.പി. സേവന മേഖലകളിൽ തുക നീക്കി വെച്ചിട്ടുണ്ട്.

പങ്കാളിത്ത വികസന സങ്കൽപ്പത്തിൽ ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനമാണുള്ളത്. ഗ്രാമസഭകളിൽ നിന്നുള്ള അഭിപ്രായങ്ങൾക്കൊപ്പം മറ്റു വഴികളിലൂടെ ഗ്രാമപഞ്ചായത്തിന് ലഭ്യമാവുന്ന നിർദ്ദേശങ്ങളും വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. നമുക്കെല്ലാം അറിവുള്ളതു പോലെ സർക്കാർ ലഭ്യമാക്കുന്ന വികസന ഫണ്ടും, തനതു വരുമാനവും തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. എല്ലാ മേഖലകൾക്കും ഫണ്ടുകള് മാറ്റി വെച്ചു കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ലഭ്യമാവുന്ന ധനസ്രോതസ്സുകളെ കുറിച്ച് ബജറ്റ് അവതരണത്തിൽ സൂചിപ്പിക്കുന്നതാണ്.

ബജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും, പൊതു ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ബജറ്റ് അവതരണത്തിനായി നമ്മുടെ ബഹുമാന്യയായ വൈസ് പ്രസിഡന്റ് ശ്രീമതി. ഷീല.എസ്സ് അവർകളെ ക്ഷണിച്ചുകൊള്ളുന്നു.

*************************************************
.

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

## 2026-27സാമ്പത്തിക വർഷത്തെ അന്തിമ ബജറ്റ്

## അവതരണം ശ്രീമതി. ഷീല എസ്സ്, വൈസ് പ്രസിഡന്റ്

ബഹുമാനപ്പെട്ട പ്രസിഡന്റ്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളെ, സഹപ്രവർത്തകരേ......

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൻറെ 2025-30 ഭരണസമിതിയുടെ ആദ്യത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. 2026-27 വർഷത്തേക്കായി ഇവിടെ അവതരിപ്പിക്കുന്ന ബഡ്ജറ്റ് വരുമാന സ്രോതസ്സുകളും ഗ്രാൻറുകളും ഉപയോഗിച്ച് പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങളുടേയും ഗ്രാമപഞ്ചായത്തിൻറെ വികസനത്തിനും കാർഷിക അഭിവൃദ്ധിക്കും പരിസ്ഥിതി സംരക്ഷണത്തിനും, മാലിന്യ സംസ്കരണത്തിനും, പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ സദ്ഭരണം ഉറപ്പ് വരുത്തുന്നതിനും, ജനാധിപത്യ സംവിധാനത്തിന് കൂടുതൽ കരുത്ത് പകരുന്നതിനും വിജയം കൈവരിക്കുന്നതിനും ലക്ഷ്യമിടുന്ന രീതിയിലാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ഈ ബഡ്ജറ്റിന് രൂപം നൽകിയിരിക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ വികസനഫണ്ട്, തനത് ഫണ്ട്, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ വിനിയോഗിച്ച് ജനറൽ വിഭാഗത്തിൽ 1,14,90,000/(ഒരു കോടി പതിനാല് ലക്ഷം തൊണ്ണൂറായിരം രൂപയും), പട്ടികജാതി വിഭാഗത്തില് 55,50,000/( അമ്പത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപയും), പട്ടികവർഗ്ഗ വിഭാഗത്തിൽ 15,00,000/( പതിനഞ്ച് ലക്ഷം രൂപയും), തനത് ഫണ്ട് 1,33,60,000/- ( ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപയും), ബ്ലോക്ക് പഞ്ചായത്ത് വിഹിതം 29,50,000/- ( ഇരുപത്തി ഒൻപത് ലക്ഷത്തി അമ്പതിനായിരം രൂപയും), ജില്ലാപഞ്ചായത്ത് വിഹിതം 37,00,000/- ( മുപ്പത്തി ഏഴ് ലക്ഷം രൂപയും), സംസ്ഥാന ആവിഷ്കൃത ഫണ്ട് 1,68,00,000/- ( ഒരു കോടി അറുപത്തി എട്ട് ലക്ഷം രൂപയും),

ഹഡ്കോ വായ്പ 53,20,000/- ( അമ്പത്തി മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപയും) ആകെ മൊത്തം 5,69,70,000/( അഞ്ച് കോടി അറുപത്തി ഒമ്പത് ലക്ഷത്തി എഴുപതിനായിരം രൂപയും) ചിലവഴിച്ച് പദ്ധതി വിജയകരമായി പൂർത്തീകരിച്ചു വരുന്നു.

സർക്കാരിൻറെയും പഞ്ചായത്തിൻറേയും ആരോഗ്യമേഖലയിലെ ഇടപെടലുകൾകൊണ്ട് കുടുംബ ആരോഗ്യ കേന്ദ്രത്തിൽ Out Patient waiting area നിർമ്മാണവും, ഹെൽത്ത് ഗ്രാൻറ് ഫണ്ട് 36 ലക്ഷം രൂപ വിനിയോഗിച്ച് കൊയ്യാമരക്കാട് സബ് സെൻറർ നിർമ്മാണം പൂർത്തീകരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ഹെക്ടറിന് 10,000/ രൂപ വരെ ഉഴവ് കൂലിരണ്ട് വിളകൾക്ക് നൽകിവരുന്നുണ്ട്. വരും വർഷത്തിൽ നാളികേര സംഭരണവും വിപണനവും, തരിശ് ഭൂമിയിൽ പൂച്ചെടികളുടേയും ഔഷധ സസ്യങ്ങളുടേയും കൃഷി എന്നീ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ കഞ്ചിക്കോട് എൽ പി സ്കൂളിൽ 2025-26 സാമ്പത്തിക വർഷത്തിൽ ഓഡിറ്റോറിയം നിർമ്മാണവും, ഇൻറർലോക്ക് പതിപ്പിക്കലും പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂളുകളുടെ സൗകര്യം വർദ്ധിപ്പിച്ച് ഹൈടെക്ക് സ്കൂളുകളാക്കി ഉയർത്തി ഡിജിറ്റൽ ക്ലാസ്സ് റൂം, വിദ്യാർത്ഥികളുടെ പഠന മികവ് ഉയർത്തുന്നതിന് ക്ലാസ്സ് റൂം ലൈബ്രറികൾ, മാസികകൾ, ആനുകാലികങ്ങൾ എന്നിവ നൽകുന്നതിനും, മലയാള ഭാഷാ പഠത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനും 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

നിലവിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാണ്. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കായി 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി സമൂഹത്തിൻറെ ഭാഗവാക്കാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. ഭിന്നശേഷിക്കാർക്ക് വേണ്ട ഉപകരണങ്ങള്, പെട്ടിക്കട എന്നിവയും, വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പം നൽകിവരുന്നുണ്ട്. വരും ബഡ്ജറ്റിലും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകി തുക വകയിരുത്തിയിട്ടുണ്ട്.

വയോജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ സ്നേഹവീടിൻറെ പ്രവർത്തനം മാതൃകാപരമായി നടന്ന് വരുന്നുണ്ട്. കൂടാതെ വനിത ശാക്തീകരണത്തിനായി വനിതകൾക്ക് സ്വയം തൊഴില് പരിശീലനം വ്യക്തിഗതം, വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം ഗ്രൂപ്പ്, She Auto തുടങ്ങിയ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ടി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർടാങ്ക്, വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, പഠനമുറി, ലാപ്പ്ടോപ്പ്, സ്കോളർഷിപ്പ് എന്നിവ വിജയകരമായി നൽകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വരും വർഷത്തിൽ ചാവടിപ്പാറ പട്ടിക വർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് അവരുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികളും, മായപ്പള്ളം പട്ടികജാതി സങ്കേതങ്ങളിൽ പഞ്ചായത്തിന് സ്ഥലം വിട്ടു നൽകുന്ന മുറയ്ക്ക് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

പൊതു ആസ്ഥി സൃഷ്ടിക്കുന്നതിനും, നിലവിലുള്ളവ സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ 2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 87 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി അന്തിമ ഘട്ടത്തിലെത്തി നിൽക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും, തനത് ഫണ്ട് 28ലക്ഷം രൂപ ചെലവഴിച്ച്നിർമ്മാണം പൂർത്തീകരിച്ച കോങ്ങാംപാറ സാംസ്കാരിക നിലയവും ആയതിന് ഉത്തമ ഉദാഹരണങ്ങളാണ്.

മേല് സൂചിപ്പിച്ചവ കൂടാതെ വാളയാർ ഭാഗത്ത് പൊതുശ്മശാനത്തിനായി സ്ഥലം വാങ്ങൽ, അട്ടപ്പള്ളം ഭാഗത്ത് പകൽ വീടിനായി സ്ഥലം വാങ്ങല്, ഹോമിയോ അശുപത്രിക്ക് സ്ഥലം കണ്ടെത്തി പൊതുജനങ്ങൾക്ക് സൗകര്യപ്രദമാം വിധം കെട്ടിടം നിർമ്മിക്കൽ, പുതുശ്ശേരി ഭാഗത്ത് പൊതു ടോയ്ലറ്റ് നിർമ്മിക്കല്, ബ്ലോക്ക്-ജില്ല പഞ്ചായത്തുകളുമായി സംയോജിച്ച് പഞ്ചായത്തിൽ ഒരു നീന്തൽ കുളം നിർമ്മിക്കൽ, ആരോഗ്യമട ഏരിയിൽ യാത്രക്കാർക്ക് ഹൈവേ ഓരത്ത് ഒരു വിശ്രമകേന്ദ്രം എന്നിവ നമ്മുടെ വികസന സ്വപ്നങ്ങളിൽ ഉൾപ്പെടുന്നു.

പഞ്ചായത്തിൻറെ ആസ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലങ്ങൾ കണ്ടെത്തി ആയതിന്റെ ഡാറ്റാ ബേസ്സ് തയ്യാറാക്കുന്നകിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതുശ്ശേരി ഭാഗത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ജലസേചന വകുപ്പിന്റെ സ്ഥലം പഞ്ചായത്തിന് വിട്ടു നൽകുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കുന്നതിനും, ടി സ്ഥത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പ്രിയദർശിനി പട്ടികജാതി നഗറിൽ ഗുണഭോക്താക്കൾക്ക് പതിച്ച് നൽകിയ സ്ഥലത്ത് നിലവിൽ വീടുകൾ നിർമ്മിക്കാതെയും താമസമില്ലാതെയും കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി നിയമോപദേശത്തിന് അനുസൃതമായി സ്ഥലം തിരിച്ചുപിടിക്കുന്നതിനും, ടി സ്ഥലം അർഹരായവർക്ക് പതിച്ച് നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

സേവന മേഖലയിലും, പശ്ചാത്തലമേഖലയിലും വിപുലമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വികസന സങ്കൽപ്പങ്ങൾക്ക് പുതിയ മാതൃകകൾ ഉണ്ടാക്കുന്ന പദ്ധതികൾക്ക് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റില് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇത് ലക്ഷ്യത്തിലെത്തിക്കുവാൻ ജനപ്രതിനിധികളുടേയും, ബഹുജനപ്രസ്ഥാനങ്ങളുടെയും, ഉദ്യോഗസ്ഥരുടെയും കൂട്ടായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ബഡ്ജറ്റിന്റെ വിഭവ സ്രോതസ്സുകളുടേയും ചെലവുകളുടേയും സംക്ഷിപ്തം ബഡ്ജറ്റ് സ്റ്റേറ്റ്മെൻറ് എന്നിവ ഇതോടൊപ്പം ചേർക്കുന്നു

*********************************************************

# പ്രതീക്ഷിത വരവുകൾ

## 2026-27 വർഷത്തെ ബഡ്ജറ്റിൻറെ പ്രധാന പ്രതീക്ഷിത വരവുകള്

## വരവുകൾ

**നികുതി, നികുതിയേതര വരുമാനം, വിവിധ ഗ്രാൻറുകളും ഫണ്ടുകളും എന്നീ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന വരവുകൾ**

| ക്രമ നം. | ഇനം | Budget for the Year 2026-27 (ബജറ്റ് 2026-27 ) |
|---|---|---|
| 1 | നികുതി വരവുകൾ | 5,00,00,000 |
| 2 | നികുതിയേതര വരവുകൾ | 3,03,70,000 |
| A | **ആകെ തനതു വരുമാനം** | **8,03,70,000** |
| 1 | ജനറൽ പർപ്പസ് ഫണ്ട് | 5,06,70,000 |
| 2 | വികസന ഫണ്ട്- ജനറൽ | 5,89,93,000 |
| 3 | വികസന ഫണ്ട്- എസ്.സി.പി | 1,71,86,000 |
| 4 | വികസന ഫണ്ട്- ടി.എസ്.പി | 45,94,000 |
| 5 | കേന്ദ്ര ധനകാര്യ കമ്മീഷന് ഗ്രാന്റ്- ബേസിക്ക് | 78,00,000 |
| 6 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 1,17,14,000 |
| 7 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 2,93,48,000 |
| 8 | മെയിൻറനൻസ് ഗ്രാന്റ്– നോൺറോഡ് | 81,54,000 |
|  | **ജനറൽ പർപ്പസ് ഫണ്ട്, വികസന, മെയിന്റനൻസ് ഫണ്ടുകൾ- ആകെ** | **18,84,59,000** |
| 9 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 9,00,00,000 |
| 10 | ഐ.സി.ഡി.എസ്- കേന്ദ്ര ഫണ്ട് വരവ് | 30,00,000 |
| 11 | ഹെൽത്ത് ഗ്രാൻറ് | 30,00,000 |
| 12 | സ്വച്ഛ്ഭാരത് മിഷൻ | 30,00,000 |
| 13 | സമ്പൂർണ്ണ ശുചിത്വ മിഷൻ | 50,00,000 |

| | | |
|---|---|---|
| 14 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ(ലൈഫ് മിഷൻ) | 4,00,00,000 |
| 15 | ലിറ്ററസി സ്കീം ഗ്രാന്റ് | 2,00,000 |
| 16 | മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 5,00,000 |
| 17 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ(ബി ഫണ്ട്) | 26,00,00,000 |
| 18 | ഗുണഭോക്തൃ വിഹിതം | 30,00,000 |
| 19 | സംയോജിത പദ്ധതികൾക്കുള്ള വരവുകൾ(ബ്ലോക്ക് പഞ്ചായത്ത്) | 2.00,00,000 |
| 20 | സംയോജിത പദ്ധതികൾക്കുള്ള വരവുകൾ (ജില്ലാ പഞ്ചായത്ത്) | 2.00,00,000 |
| 21 | മറ്റ് മൂലധന വരവുകൾ - വായ്പ വാങ്ങൽ | 4,00,00,000 |
| 22 | ഡെപ്പോസിറ്റുകൾ | 38,14,844 |
| 23 | അഡ്വാൻസുകള് | 40,00,000 |
| B | **ആകെപദ്ധതി പദ്ധതിയേതര വരുമാനം** | **68,39,73,844** |
| | **ഒട്ടാകെ വരവ് (A+B)** | **76,43,43,844** |

# ചെലവുകൾ

## പദ്ധതിയിതര ചെലവുകൾ

### അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള ചെലവുകൾ

| | PARTICULARS (ഇനവിവരം) | Budget for the Year 2026-27(ബജറ്റ് 2026-27) |
|---|---|---|
| **എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | |
| 1 | ജീവനക്കാരുടെ ശമ്പളം | 2,21,00,000 |
| 2 | കൂലി, ദിവസ വേതനം | 30,00,000 |
| 3 | ബോണസ് | 1,00,000 |
| 4 | ജീവനക്കാരുടെ യാത്രാബത്ത | 1,20,000 |
| 5 | ഹോണറേറിയം | 6,00,000 |
| 6 | മറ്റ് ബത്തകൾ, അലവൻസുകൾ | 5,00,000 |
| 7 | ജനപ്രതിനിധികളുടെ ഹോണറേറിയം / സിറ്റിംഗ് ഫീസ് | 50,00,000 |

| | | |
|---|---|---|
| 8 | ജനപ്രതിനിധികളുടെ യാത്രാബത്ത | 1,00,000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 12,00,000 |
| 10 | ഇ പി എഫ് | 5,00,000 |
| 11 | എൻ പി എസ് | 10,00,000 |
| 12 | ടെർമിനൽ സറണ്ടർ | 5,00,000 |
| 13 | നികുതി | 1,20,000 |
| 14 | വൈദ്യുതി ചെലവുകള് - ഓഫീസ്സ് | 2,00,000 |
| 15 | വൈദ്യുതി ചെലവുകള് - തെരുവ് വിളക്ക് | 60,00,000 |
| 16 | വൈദ്യുതി ചെലവുകള് - കുടിവെള്ള പദ്ധതികൾ | 3,00,000 |
| 17 | വെള്ള കരം – ഓഫീസ് കെട്ടിടങ്ങള് | 5,00,000 |
| 18 | വെള്ള കരം – പൊതു ടാപ്പ് | 15,00,000 |
| 19 | മറ്റ് ഓഫീസ് ചെലവുകൾ | 1,00,000 |
| 20 | വാടക | 2,00,000 |
| 21 | വാർത്താ വിനിമയ ചെലവുകൾ | 25,25,000 |
| 22 | പുസ്തകങ്ങളും ആനുകാലികങ്ങളും | 5,00,000 |
| 23 | അച്ചടിയും സ്റ്റേഷനറിയും | 15,00,000 |
| 24 | ഇൻഷുറൻസ് / രജിസ്ട്രേഷൻ | 3,00,000 |
| 25 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 1,00,000 |
| 26 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവ് | 75,000 |
| 27 | പരസ്യവും പ്രചരണവും | 5,00,000 |
| 28 | മെമ്പർഷിപ്പ് / വരിസംഖ്യ | 1,00,000 |
| 29 | ഇലക്ഷൻ ചെലവുകള് | 5,00,000 |
| 30 | അസാധാരണ ചെലവുകൾ | 3,00,000 |
| 31 | മറ്റ് ഭരണ ചെലവുകൾ | 2,00,000 |
| 32 | മാലിന്യം വലിച്ചെറിയുന്നവരെ അറിയിക്കുന്നവർക്കുള്ള പാരിതോഷികം | 2,00,000 |
| 33 | പെട്രോൾ, ഡീസൽ, ഗ്യാസ്,ലൂബ്രിക്കൻറ് ചാർജ്ജ് | 15,00,000 |
| 34 | ശുചീകരണ ചെലവുകൾ | 10,00,000 |
| 35 | അനാഥപ്രേതം മറവ് ചെയ്യല് | 3,00,000 |
| 36 | ചായ ലഘുഭക്ഷണം | 5,00,000 |
| 37 | ഉദ്ഘാടനങ്ങൾ | 2,50,000 |
| 38 | മറ്റ് നടത്തിപ്പ് മെയിൻറനൻസ് ചെലവുകൾ | 2,00,000 |
| 39 | ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ചെലവുകൾ | 5,00,000 |

| | | |
|---|---|---|
| | **സംരക്ഷണവും അറ്റകുറ്റപണികളും** | |
| 40 | പൊതു കെട്ടിടങ്ങൾ | 2,00,000 |
| 41 | റോഡുകൾ | 2,50,000 |
| 42 | കുടിവെള്ള പദ്ധതികൾ | 3,00,000 |
| 43 | ഡ്രൈനേജ് | 1,00,000 |
| 44 | പാലങ്ങളും കലുങ്കുകളും | 1,00,000 |
| 45 | വാഹനങ്ങൾ | 2,00,000 |
| 46 | ഓഫീസ് ഉപകരണങ്ങൾ | 2,00,000 |
| | **പലിശയുംഅനുബന്ധ ചെലവുകളും** | |
| 47 | ബാങ്ക് ചാർജ്ജ് നൽകൽ | 50,000 |
| 48 | മറ്റ് സാമ്പത്തിക ചെലവുകൾ | 1,50,000 |

**ബി ഫണ്ടും സംസ്ഥാനാവിഷ്കൃത പദ്ധതികളും**

| | PARTICULARS (ഇനവിവരം) | Budget for the Year 2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ (സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ) | 26,00,00,000 |

**വിവിധ ഗ്രാൻറുകൾ, പ്ലാൻ ഫണ്ട് - റവന്യൂ, ക്യാപ്പിറ്റൽ ചെലവുകൾ**

| | | |
|---|---|---|
| 1 | തൊഴിലുറപ്പ് പദ്ധതി ചെലവ് | 9,00,00,000 |
| 2 | ഐ.സി.ഡി.എസ്- കേന്ദ്ര ഫണ്ട് ചെലവ് | 30,00,000 |
| 3 | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികള് | 80,00,000 |
| 4 | വികസന ഫണ്ട് (ജനറൽ) | 5,89,93,000 |
| 5 | വികസന ഫണ്ട് (എസ്.സി.പി) | 1,71,86,000 |
| 6 | വികസന ഫണ്ട് (ടി.എസ്.പി) | 45,94,000 |
| 7 | മെയിൻറനൻസ് ഫണ്ട് (റോഡ്) | 2,93,48,000 |
| 8 | മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്) | 81,54,000 |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 1,95,14,000 |
| 10 | ഹെൽത്ത് ഗ്രാൻറ് പദ്ധതികള് | 30,00,000 |
| 11 | സംസ്ഥാനാവിഷ്കൃത ഫണ്ട് - ലൈഫ് | 4,00,00,000 |

| | | |
|---|---|---|
| 12 | ഗുണഭോക്തൃ വിഹിതം | 30,00,000 |
| 13 | സംയോജിത പദ്ധതികൾക്കുള്ള ചെലവുകൾ(ബ്ലോക്ക് പഞ്ചായത്ത്) | 2,00,00,000 |
| 11 | സംയോജിത പദ്ധതികൾക്കുള്ള ചെലവുകൾ (ജില്ലാ പഞ്ചായത്ത്) | 2,00,00,000 |
| 12 | ലിറ്ററസി സ്കീം ഗ്രാൻറ് | 2,00,000 |
| 13 | മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 5,00,000 |
| 13 | മറ്റ് മൂലധന വരവുകൾ - വായ്പ തിരിച്ചടവ് | 4,00,00,000 |

## വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ

## ഉല്പാദന മേഖല

### കൃഷി, മൃഗസരക്ഷണം തുടങ്ങിയവ

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | നെൽകൃഷിക്ക് ഉഴവ് കൂലി | 55,00,000 |
| 2 | നെൽവിത്ത് വിതരണം | 12,00,000 |
| 3 | സുസ്ഥിര പച്ചക്കറി വികസനം | 7,62,500 |
| 4 | തെങ്ങ് കർഷകർക്ക് രാസവള സബ്സിഡി | 10,00,000 |
| 5 | പച്ചക്കറി വികസനം ഗ്രോപോട്ട് വിതരണം | 7,50,000 |
| 6 | മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും | 2,25,000 |
| 7 | കറവപശുകൾക്ക് കാലിത്തീറ്റ വിതരണം - പൊതു വിഭാഗം | 7,50,000 |
| 8 | റിസർവോയറുകളിൽ മത്സ്യബന്ധന വല | 45,000 |
| 9 | ക്ഷീരകർഷകർക്ക് പാൽ ഇൻസൻറീവ് | 20,00,000 |
| 10 | ആട് വളർത്തല് ജനറൽ | 10,00,000 |
| 11 | വന്യജീവി സൌഹൃദ ഇടപെടൽ | 10,00,000 |

| | | |
|---|---|---|
| 12 | മുട്ടക്കോഴി വിതരണം | 2,00,000 |
| 13 | പശുവിതരണം ജനറൽ | 25,00,000 |
| 14 | തരിശ് കൃഷി ഭൂമി ഉപയോഗപ്രദമാക്കൽ | 5,00,000 |

## സേവന മേഖല

### കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | കാഡോചാലുകളുടെ നവീകരണം | 25,00,000 |
| 2 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് വാട്ടര് പ്യൂരിഫയര് | 1,00,000 |
| 3 | പൊതുസ്ഥലങ്ങളിൽ ബിന്നുകള് സ്ഥാപിക്കല് | 5,00,000 |
| 4 | റിജക്ട് വേസ്റ്റ് സംസ്കരണം | 5,00,000 |
| 5 | കുടുംബാരോഗ്യകേന്ദ്രത്തിൽ ദ്രവമാലിന്യ സംസ്കരണ പ്ലാൻറ് | 5,00,000 |
| 6 | കുളം നവീകരണം | 10,00,000 |
| 7 | പൊതുകിണറുകൾ പുനരുദ്ധാരണം | 12,44,100 |
| 8 | എം സി എഫ് കെട്ടിടം നിർമ്മാണം | 29,44,100 |
| 9 | വാളയാർ സബ്സെൻററില് ടോയ്ലറ്റ് നിർമ്മാണം | 2,00,000 |
| 10 | സാനിറ്ററി നാപ്കിൻ വെൻറിംഗ് ആൻറ് ഡിസ്ട്രോയര് മെഷിൻ | 2,00,000 |
| 11 | വരൾച്ച ദുരിതാശ്വാസം - കുടിവെള്ളം വിതരണം | 1300000 |
| 12 | തെളിനീരൊഴുകും നവകേരളം | 100000 |
| 13 | മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്ത് ഉദ്യാനവത്കരണം | 200000 |
| 14 | ബയോമെഡിക്കൽമാലിന്യസംസ്കരണ പദ്ധതി | 40000 |

## ആരോഗ്യം

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | അനീമിയനിർണ്ണയം പോഷകാഹാരകിറ്റ് വിതരണം | 100000 |
| 2 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 450000 |
| 3 | അരികെആയുർവ്വേദ മരുന്നു വാങ്ങല് | 600000 |
| 4 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങല് | 1400000 |
| 5 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 550000 |
| 6 | കുടുംബരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 500000 |
| 7 | സമഗ്ര ആരോഗ്യ പ്രവർത്തനങ്ങൾ | 50000 |
| 8 | രോഗപ്രതിരോധ പൊതുജനാരോഗ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാഹനവാടക | 200000 |
| 9 | അതിഥി തൊഴിലാളികൾക്ക് മെഡിക്കല് ക്യാമ്പ് | 50000 |

## വിദ്യാഭ്യാസം, ശിശു ക്ഷേമം

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | എസ് എസ് എ വിഹിതം നൽകല് | 9,50,000 |
| 2 | ഹൈടെക്അങ്കണവാടി | 1,00,000 |
| 3 | അങ്കണവാടികളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കല് | 2,00,000 |
| 4 | അങ്കണവാടികൾക്ക് അധികവാടക | 40,000 |
| 5 | വട്ടകത്തറ അങ്കണവാടിയിൽ കമ്പ്യൂട്ടര് അനുബന്ധ ഉപകരണങ്ങൾ | 1,00,000 |

| | | |
|---|---|---|
| 6 | അംഗനവാടിഅനുപൂരക പോഷകാഹാരം - ജനറൽ | 38,00,000 |
| 7 | അങ്കണവാടികൾക്ക് അടുക്കള സാമഗ്രികള് വാങ്ങല് | 1,00,000 |
| 8 | ബാലമാസിക വിതരണം | 50,000 |
| 9 | കുട്ടികൾക്ക് പഠനയാത്ര | 1,00,000 |
| 10 | ഗർഭിണികൾക്കുംമുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം | 150000 |
| 11 | തുല്യത സാക്ഷരത പഠനം | 100000 |

**സംസ്കാരം, കല,കായികം, യുവജനക്ഷേമം**

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | അംഗണവാടി സർഗ്ഗ പ്രതിഭ സംഗമം | 30,000 |
| 2 | ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരങ്ങൾ | 50,000 |
| 3 | അട്ടപ്പള്ളംകളിസ്ഥലം ഉപയോഗപ്രദമാക്കൽ | 7,00,000 |
| 4 | കേരളോത്സവം - 2025 | 1,50,000 |
| 5 | സാക്ഷരത തുടർ വിദ്യാഭ്യാസം | 1,00,000 |
| 6 | കേരളോത്സവം | 1,50,000 |

**സാമൂഹ്യക്ഷേമ പരിപാടികൾ**

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | ബഡ്സ് റിഹാബിലിറ്റേഷൻ സെൻറര് പ്രവർത്തനം | 2500000 |
| 2 | പെയിൻ പാലിയേറ്റീവ് കെയർ | 2500000 |

| | | |
|---|---|---|
| 3 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് ജനറൽ | 1440000 |
| 4 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ | 600000 |
| 5 | കോക്ലിയർ ഇംപ്ലാൻറ് പ്രോഗ്രാം | 50000 |
| 6 | അതിദരിദ്രകുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് | 400000 |
| 7 | ഷീ ഓട്ടോ | 2500000 |
| 8 | വനിതകൾക്ക് സ്വയം തൊഴില് പരിശീലനം വ്യക്തിഗതം | 1500000 |
| 9 | വനിതകൾക്ക് സ്വയം തൊഴില് പരിശീലനം ഗ്രൂപ്പ് | 2500000 |
| 10 | തെരുവ്നായകൾക്ക് വാക്സിനേഷന് | 150000 |
| 11 | സ്നേഹസ്പർശം പദ്ധതി | 200000 |
| 12 | വാതിൽപ്പടി സേവനം | 50000 |
| 13 | അതിദാരിദ്ര്യനിർമ്മാർജ്ജനം രണ്ടാം ഘട്ടം | 200000 |
| 14 | ജാഗ്രതസമിതി പ്രവർത്തനം ശക്തിപ്പെടുത്തൽ | 50000 |
| 15 | മൊബൈൽ വെറ്ററിനറി യൂണിറ്റിന് മരുന്ന് വാങ്ങല് | 50000 |

**വയോജന സംരക്ഷണം**

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27ബജറ്റ് 2026-27) |
|---|---|---|
| 1 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ | 400000 |
| 2 | വയോജനങ്ങൾക്ക് ബെഡ് വിതരണം | 400000 |
| 3 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ - ജനറൽ | 800000 |
| 4 | സ്നേഹവീടുകൾക്ക് ഭക്ഷണം നൽകല് | 200000 |

## സമ്പൂർണ്ണ ഭവന പദ്ധതി

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27)) |
|---|---|---|
| 1 | ലൈഫ് ഭവനം - ജനറല് | 14000000 |
| 2 | വീട്പുനരുദ്ധാരണം ജനറൽ | 4000000 |
| 3 | പിഎംഎവൈ വിഹിതം നൽകല് | 2000000 |

## പട്ടികജാതി, പട്ടികവർഗ്ഗ വികസനം

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | എസ്സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം | 1000000 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 800000 |
| 3 | എസ്സി വിദ്യാർത്ഥികൾക്ക് പഠനോപകരണം | 500000 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം | 1000000 |
| 5 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് | 400000 |
| 6 | നെൽകൃഷിക്ക് ഉഴവുകൂലി - എസ്സിപി | 42500 |
| 7 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - എസ്സി | 500000 |
| 8 | ലൈഫ് ഭവന നിർമ്മാണം - എസ്സിപി | 5000000 |
| 9 | പശു വളർത്തല് എസ് സി | 1000000 |
| 10 | വീട്പുനരുദ്ധാരണം എസ്സിപി | 2300000 |
| 11 | ലൈഫ് ലോൺ തിരിച്ചടവ് | 500000 |
| 12 | എസ്സി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം | 1000000 |
| 13 | അങ്കണവാടി പോഷകാഹാരം | 800000 |

| | | |
|---|---|---|
| 14 | ക്ഷീരകർഷകർക്ക് പാല് ഇൻസൻറീവ് എസ് സി | 200000 |
| 15 | ആട് വളർത്തല് എസ് സി | 400000 |
| 16 | ലൈഫ് ഭവനനിർമ്മാണം - ടിഎസ്പി | 1000000 |
| 17 | പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ മെഡിക്കൽ ക്യാമ്പ് | 50000 |
| 18 | അംഗണവാടി അനുപൂരക പോഷകാഹാര പരിപാടി - ടി എസ് പി | 200000 |
| 19 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് | 300000 |
| 20 | എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 200000 |
| 21 | എസ് ടി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം | 500000 |
| 22 | എസ് ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 |
| 23 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം | 300000 |
| 24 | എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി | 400000 |
| 25 | ആട് വളർത്തല് എസ് ടി | 300000 |
| 26 | പശു വളർത്തല് എസ് ടി | 500000 |
| 27 | നടുപ്പതി കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര,ടേബിൾ | 200000 |
| 28 | നടുപ്പതി കമ്മ്യൂണിറ്റി ഹാൾ റിപ്പയര് | 500000 |

**സദ്ഭരണം**

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | ഐകെഎം വിഹിതം നൽകല് | 200000 |
| 2 | ABC വിഹിതം നൽകല് | 300000 |
| 3 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷന് | 2000000 |

| | | |
|---|---|---|
| 4 | ടേക്ക് എ ബ്രേക്ക് പരിപാലനം അനുബന്ധ സൌകര്യങ്ങൾ | 200000 |
| 5 | ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കല് | 200000 |
| 6 | ഗ്യാസ് ശ്മശാനം വാർഷിക അറ്റകുറ്റപണികള് | 500000 |
| 7 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ | 2000000 |
| 8 | പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചിലവുകൾ | 300000 |
| 9 | ആർദ്രം - ഹോണറേറിയം | 1000000 |
| 10 | ഹരിതസഹായ സ്ഥാപനം | 300000 |
| 11 | സ്ട്രീറ്റ് ലൈറ്റ്ഓട്ടോമാറ്റിക് പ്രവർത്തിപ്പിക്കല് | 100000 |
| 12 | ജനറേറ്ററുകളുടെ എ എം സി നൽകല് | 100000 |
| 13 | വാട്ടർ എടിഎം എഎംസി | 50000 |
| 14 | എ ഇ ഓഫീസിലേക്ക് വാഹനം വാടകക്ക് എടുക്കൽ | 460000 |
| 15 | കല്ല്യാണ മണ്ഡപം ലിഫ്റ്റ് എ എം സി | 50000 |
| 16 | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കല് | 400000 |
| 17 | ദുരന്തനിവാരണ പദ്ധതി | 500000 |
| 18 | ഐടി കം അക്കൌണ്ടൻറ് വേതനം നൽകല് | 20000 |
| 19 | കമ്മ്യൂണിറ്റി ഫെസിലിറ്റേറ്ററെ നിയമിക്കലുംവേതനവും | 230000 |
| 20 | പതിനഞ്ചാം പഞ്ചവത്സരപദ്ധതി രൂപീകരണം മുന്നൊരുക്കപ്രവർത്തനങ്ങള് | 300000 |
| 21 | ജി.ഐ.എസ്മാപ്പിംഗ് | 500000 |
| 22 | ഗവൺമെൻറ് സ്കൂളുകൾക്ക് കണ്ടിജൻസി ചിലവ് | 400000 |
| 23 | ആയുർവേദ ആശുപത്രിയിലേക്ക് ഫർണ്ണീച്ചർവാങ്ങല് | 50000 |

| | | |
|---|---|---|
| 24 | ഗവ-ആയുർവേദ ഡിസ്പെൻസറി - കണ്ടിജൻസി ചിലവ് | 100000 |
| 25 | മൃഗാശുപത്രി - കണ്ടിജൻസി ചിലവുകള് | 200000 |
| 26 | ഹോമിയോ ആശുപത്രി കണ്ടിജൻസി ചെലവ് | 170000 |
| 27 | ടോക്കൺ സിസ്റ്റം | 25000 |
| 28 | കുടുംബരോഗ്യകേന്ദ്രത്തിലെ ആകസ്മിക ചെലവ് | 400000 |
| 29 | കൃഷി ഓഫീസ് കണ്ടിജൻസി ചിലവ് | 100000 |
| 30 | ഐ സി ഡി എസ് ഓഫീസിലെ കണ്ടിജന്റ് ചിലവുകൾ | 200000 |
| 31 | മൃഗാശുപത്രിയിലേക്ക് കൺസ്യൂമബിൾസ് വാങ്ങല് | 50000 |
| 32 | മൃഗാശുപത്രിക്ക് ഫർണ്ണീച്ചര് വാങ്ങല് | 100000 |

## പശ്ചാത്തല മേഖല

### റോഡ്, കെട്ടിടം, ഊർജ്ജം തുടങ്ങിയവ

| | PARTICULARS (ഇനവിവരം) | Budget for the Year-2026-27 (ബജറ്റ് 2026-27) |
|---|---|---|
| 1 | വിവിധ വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 2000000 |
| 2 | വിവിധ റോഡുകളുടെ പുനരുദ്ധാരണം/നിർമ്മാണം | 2,93,48,000 |
| 3 | കഞ്ചിക്കോട് സബ്സെൻററ് ചുറ്റുമതില് നിർമ്മാണം ഇൻർലോക്ക്പതിപ്പിക്കല് | 700000 |
| 4 | അങ്കണവാടി കെട്ടിടം റിപ്പയർ | 500000 |
| 5 | പ്രസിഡണ്ടിൻറെ റൂം നവീകരണം | 1000000 |
| 6 | പഞ്ചായത്ത് അംഗങ്ങൾക്കുള്ള റൂം | 500000 |

**ആകെ പദ്ധതി ചെലവ് 34,69,99,000**

# പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ്

| സംഗ്രഹം | |
|---|---|
| പ്രാരംഭ ബാക്കി | 17,62,88,890 |
| വരവ് | 76,43,43,844 |
| ആകെ | 94,06,32,734 |
| ആകെ ചെലവ് | 76,24,87,956 |
| നീക്കി ബാക്കി (മിച്ചം) | 17,81,44,778 |

## ഉപസംഹാരം

2026-27 സാമ്പത്തിക വർഷത്തേക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര പുരോഗതിയും സർവ്വതോൻമുഖമായ ക്ഷേമവും മുൻനിറുത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിഭവ സമാഹരണത്തിൻ കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബജറ്റിന്റെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഷീല എസ്സ്
വൈസ് പ്രസിഡന്റ്
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# 2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ്

# ജെൻഡർ ബജറ്റ്

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് വനിതാ സൗഹൃദ പഞ്ചായത്ത് ആക്കുന്നതിൻറെ ഭാഗമായി, ആയതിന് ഉതകുന്ന പദ്ധതികൾ 2026-27 വർഷത്തെ ബജറ്റില് ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് സഹായകരമായി ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഷീ ഓട്ടോ | 2500000 |
| 2 | വനിതകൾക്ക് സ്വയം തൊഴില് പരിശീലനം വ്യക്തിഗതം | 1500000 |
| 3 | വനിതകൾക്ക് സ്വയം തൊഴില് പരിശീലനം ഗ്രൂപ്പ് | 2500000 |
| 4 | ജാഗ്രതസമിതി പ്രവർത്തനം ശക്തിപ്പെടുത്തൽ | 50000 |

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

## 2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ്

## പെർഫോമൻസ് ബജറ്റ്

| | | |
|---|---|---|
| 1 | ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം | 6,00,00,000 |
| 2 | അങ്കണവാടി പോഷകാഹാരം | 48,00,000 |
| 3 | പാലിയേറ്റീവ് കെയർ | 25,00,000 |
| 4 | ബഡ്സ് റിഹാബിലിറ്റേഷൻ സെൻററ് പ്രവർത്തനം | 2500000 |
| 5 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ (സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ) | 26,00,00,000 |
| 6 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 9,00,00,000 |